പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2666 — 09.03.2017-ലെ മറുപടി

## നെന്മാറയിലെ കടിവെള്ള പ്രശ്നം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ബാബു : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ മന്ത്രി) |
| എ നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രണ്ട് ഡാമുകൾ ഉണ്ടായിട്ടും മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കടിവെള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി മീങ്കര, ചുള്ളിയാർ ഡാമുകളിൽ വെള്ളം എത്തിക്കുന്നതിനായി നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി മീങ്കര ഡാമിൽ നിലവിൽ കേരള ജല അതോറിറ്റിയുടെ കടിവെള്ള പദ്ധതിയുണ്ട്. പ്രസ്തുത ജലസംഭരണിയിലേയ്ക്ക് ചിറ്റൂർ പുഴയിൽ നിന്നും പറമ്പിക്കുളം ആളിയാർ ജലം എത്തിക്കുന്നുണ്ട്. മീങ്കര ഡാമിലേയ്ക്ക് ജലമെത്തിക്കുന്നതിനായി 03.03.2017 മുതൽ കമ്പാലത്തറ ഏരിയിൽ ജലം സംഭരിക്കുന്നുമുണ്ട്. |
| സി കരിയാർകുറ്റി പുഴയിലൂടെ ഒഴുകിപോകുന്ന വെള്ളം ചുള്ളിയാർ ഡാമിൽ എത്തിക്കുന്ന എന്തെങ്കിലും പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; <br> ഡി ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി യും ഡി യും ജലസേചന വകുപ്പ് നേരത്തെ വിഭാവനം ചെയ്ത കരിയാർകുറ്റി-കാരപ്പാറ പദ്ധതിയ്ക്ക് പകരം പരിസ്ഥിതിക്ക് അധികം ദോഷം തട്ടാത്ത വിധത്തിൽ ചാലക്കുടിപ്പുഴ ബേസിനിലെ കാരപ്പാറ അരുവിയിൽ ലഭ്യമാകുന്ന ഒഴുക്ക് ഭാരതപ്പുഴയിൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ പ്രാഥമിക രൂപരേഖ ജലസേചന വകുപ്പ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കാരപ്പാറയിൽ ഒരു ചെറിയ ഡാം നിർമ്മിച്ച് ആ അരുവിയിൽ ലഭ്യമാകുന്ന വെള്ളത്തെ ഒരു ടണൽ വഴി കൊണ്ടു വന്ന് ചുള്ളിയാറിനു മുകളിൽ മുതലമട ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലത്ത് ഒരു ചെറിയ ഡാം നിർമ്മിച്ച് അവിടെ സംഭരിച്ച് ഉപയോഗിക്കുന്നതിന് പദ്ധതി യിട്ടിട്ടുള്ളത്. ഇതിൽ രണ്ടു സ്ഥലത്ത് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. വന്യജീവി സങ്കേതമുൾപ്പെടുന്ന വനഭൂമിക്ക് പുറത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ